(ബി) കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനാവശ്യങ്ങൾ ഉന്നയിച്ച് നൽകിയിട്ടുള്ള അപേക്ഷയെത്തുടർന്ന് വരുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊയിലാണ്ടി സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് 1983 മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കോഴിക്കോട് ജില്ലാപഞ്ചായത്ത് കഴിഞ്ഞ വർഷം 20 ലക്ഷം രൂപ ഈ സ്ഥാപനത്തിനായി നീക്കിവച്ചിരുന്നു. പക്ഷേ സ്ഥലം ലഭിക്കാത്തതു കാരണം കെട്ടിട നിർമ്മാണം നടന്നില്ല. ഇപ്പോൾ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ തൊട്ടടുത്ത അരിക്കുളം പഞ്ചായത്തിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ 80 സെന്റ് സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി നടത്തിയ ശ്രമഫലമായി പേരാമ്പ്ര ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊയിലാണ്ടി ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ വേണ്ടി സ്ഥലം വിട്ടുകൊടുക്കാവുന്നതാണെന്ന് കണ്ണൂർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ശുപാർശ കത്ത് അയച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്തിന് സ്ഥലം വിട്ടു കിട്ടുകയാണെങ്കിൽ അവർ കെട്ടിടം നിർമ്മിച്ചു നൽകുവാൻ തയ്യാറാണെന്നാണ് അറിയുന്നത്. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിൻ കീഴിലായതിനാൽ ഭൗതിക സൗകര്യം ഒരുക്കേണ്ട ചുമതല ജില്ലാ പഞ്ചായത്തുകൾക്കാണ്.

## സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

73 (2749) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഏതൊക്കെ തസ്തികകളിൽ എത്രപേർ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ; ഇവരുടെ വിദ്യാഭ്യാസ യോഗ്യത എന്തെന്ന് വിശദമാക്കാമോ;

(ബി) ഓരോ തസ്തികയിലും ദിവസവേതനം എത്രയാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ; ഒരു മാസത്തിൽ എത്ര ദിവസത്തെ വേതനമാണ് ഇവർക്ക് നൽകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, തസ്തിക, വിദ്യാഭ്യാസ യോഗ്യത എന്നിവ ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം | വിദ്യാഭ്യാസ യോഗ്യത |
|---|---|---|
| (1) | (2) | (3) |
| ഡ്രൈവർ | 2 | എസ്.എസ്.എൽ.സി. (ഒരു ഡ്രൈവർ ഡെപ്യൂട്ടേഷനിൽ പോയ ഒഴിവിലും ഒരു ഡ്രൈവർ working arrangement-ൽ പോയ ഒഴിവിലും) |
| ടെക്നീഷ്യൻ | 2 | വി.എച്ച്.എസ്.സി. (Sky observation, Telescope, Laserium and Water Fountain, പ്രവർത്തിപ്പിക്കുന്നതിനും കമ്പ്യൂട്ടറുകളുടേയും നെറ്റ്വർക്ക് സമ്പ്രദായത്തിന്റേയും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ആവശ്യാനുസരണം ഉപയോഗിക്കുന്നു. ഈ ജോലികൾ ചെയ്യുന്നതിനുവേണ്ടി സ്ഥിരം ജീവനക്കാരില്ല) |
| വർക്ക് ഷോപ്പ് അറ്റൻഡർ | 1 | ഐ.ടി.ഐ. (സാമ്പത്തിക സഹായത്തോടുകൂടി പുറമേ നിന്നും ലഭിക്കുന്ന വിവിധ പദ്ധതികളുടെ പ്രദർശന വസ്തുക്കളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുവേണ്ടി ആവശ്യാനുസരണം ഉപയോഗിക്കുന്നു. |
| പ്യൂൺ | 2 | എസ്.എസ്.എൽ.സി. (പ്യൂൺ/അറ്റൻഡർ എന്നീ രണ്ട് സ്ഥിരം തസ്തികകളിലേക്ക് ആവശ്യാനുസരണം ഉപയോഗിക്കുന്നു) |
| അസിസ്റ്റന്റ് | 1 | ബി.കോം, സി.എസ്. ഇന്റർ (ലൈബ്രറി പ്രവർത്തനത്തിനുവേണ്ടിയും ക്ലറിക്കൽ ജോലി ചെയ്യുന്നതിനുവേണ്ടിയും ആവശ്യാനുസരണം ഉപയോഗിക്കുന്നു.) |

(ബി) ഓരോ തസ്തികയിലേയും ദിവസ വേതനം താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| ഡ്രൈവർ | - | 400 |
| ടെക്നീഷ്യൻ | - | 505 |
| വർക്ക്ഷോപ്പ് അറ്റന്റർ | - | 505 |
| പ്യൂൺ | - | 300 |
| അസിസ്റ്റന്റ് | - | 350 |

LIBRARY ARCHIVES Kerala Legislative Assembly

ഇവരെ മ്യൂസിയത്തിന്റെ ആവശ്യാനുസരണം മാത്രമാണ് ജോലിയ്ക്ക് നിയോഗിക്കുന്നത്. ആ ദിവസങ്ങളിലെ വേതനം മാത്രമാണ് ഇവർക്ക് നൽകുന്നത്.

### സീമാറ്റ് മേധാവിയുടെ പ്രൊഫസർ സ്ഥാനം

74 (2750) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ്) മേധാവി തന്റെ പേരിനൊപ്പം പ്രൊഫസർ എന്നുകൂടി ചേർത്ത് പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) യഥാർത്ഥത്തിൽ ഇദ്ദേഹം പ്രൊഫസർ ആണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രൊഫസർ സ്ഥാനമില്ലെങ്കിൽ അനധികൃതമായി 'പ്രൊഫസർ' ഉപയോഗിച്ചതിന് ഇദ്ദേഹത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; പരാതി പരിശോധിച്ചിട്ടുണ്ടോ;

(ഡി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ സീമാറ്റ് മുഖേന ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കാമോ; ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഇത് പരിശോധിക്കപ്പെട്ടിട്ടുണ്ടോ?

#### ഉത്തരം

(എ&ബി) ഉണ്ട്

(സി) സംസ്ഥാനത്തെ എല്ലാ കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രിൻസിപ്പൽ എന്നീ തസ്തികകളാണുള്ളത്. ആയതിനാൽ മിക്ക കോളേജ് അദ്ധ്യാപകരും പേരിനൊപ്പം പ്രൊഫസർ എന്ന് ചേർത്ത് വരുന്നുണ്ട്.

(ഡി) 2012-13-ൽ 170.39 ലക്ഷം രൂപയും 2013-14-ൽ 206.68 ലക്ഷം രൂപയും വിവിധ പദ്ധതികൾക്കും മറ്റുമായി ചെലവഴിച്ചിട്ടുണ്ട്. 2013-14-ൽ വിഷൻ 2020 പ്രോജക്ടിലേക്ക് 1.68 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്. പരാതി ലഭിച്ചിട്ടുണ്ട്. ഇതു പരിശോധിച്ചുവരുന്നു.

### നിയമ വിദ്യാഭ്യാസ മേഖല കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

75 (T 2751) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിയമ വിദ്യാഭ്യാസ മേഖല കാര്യക്ഷമമാക്കുന്നതിന് നടപടികൾ ആവിഷ്കരിക്കുമോ ;

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly